മറ്റൊരു മൃഗത്തിനെ കാണിക്കാതെ കൊല നടത്തുകയെന്നത് മൃഗങ്ങളോട് മനുഷ്യൻ കാണിക്കുന്ന ചെറിയ കാരുണ്യമാണ്. എന്നാൽ ഇവിടെ അറവ് മൃഗങ്ങൾക്ക് ലഭിക്കുന്ന നീതി പോലും മനുഷ്യന് ലഭിക്കുന്നുണ്ടോ? സംശയമാണ്, ഇതാ നിങ്ങൾ എൻഡോസൾഫാന്റെ ഇരകളുടെ കഥ കേൾക്കൂ. ആരോഗ്യമുണ്ടായിരുന്ന സ്വന്തം സഹോദരൻ രോഗത്തിനു കീഴ്പ്പെട്ട് മരിക്കുന്നത് നോക്കി നിന്ന സഹോദരിയും തന്റെ മരണം ഇത്തരത്തിലായിരിക്കുമോ എന്നു പേടിച്ചുകാണും. എന്നാൽ ഇപ്പോൾ ആ സഹോദരിയും അതേ രോഗത്തിന് അടിപ്പെട്ട് മരണത്തോട് മല്ലടിക്കുന്നു.

# എൻഡോസൾഫാൻ

# ഒടുങ്ങുന്നില്ല, ഇരകളുടെ നിലവിളി

പി. വി. സുധീർകുമാർ

“മരിച്ചുപോയ അഷറഫിന്റെ കുടുംബസാഹചര്യം വളരെ പരിതാപകരമാണ്. 10 വയസ്സ് വരെ കുട്ടികളോടൊത്ത് കളിക്കുകയും സ്കൂളിൽ പോകുകയും ചെയ്ത അഷ്റഫ് ഒരിക്കൽ നടക്കുമ്പോൾ താനെ വീണു പോയി. പിന്നീട് ഓരോ ദിവസം കഴിയുന്തോറും അഷ്റഫിന്റെ ശരീരഭാഗങ്ങൾ അവശ നിലയിലാവുകയും മരണം തട്ടിയെടുക്കുകയുമായിരുന്നു. സർക്കാർ സഹായമായി 50,000 രൂപ ഇവരുടെ കുടുംബത്തിന് നൽകുകയും ചെയ്തു. എന്നാൽ ഇതിലെല്ലാം ഭീതിതമാണ് ഇതിനെല്ലാം സാക്ഷിയായ അഷ്റഫിന്റെ സഹോദരിയുടെ നില. അഷ്റഫിന്റെ നരകിച്ചുള്ള മരണത്തിനുമപ്പുറത്തേക്ക് നമ്മെ ദു:ഖിപ്പിക്കുന്നതാണത്. അഷ്റഫിന്റെ സഹോദരി ഷാഹിനയും ഇന്ന് തന്റെ ചേട്ടന്റെ ഗതിയിൽ എത്തിയിരിക്കുന്നു. ഷാഹിന മിടുക്കിയും ബുദ്ധിശക്തിയുമുള്ള കുട്ടിയായിരുന്നു. ഇന്ന് അസ്ഥികൾക്ക് ബലക്കുറവ്, നടക്കാൻ പറ്റാത്ത അവസ്ഥ, കണ്ണ് വളരെ ചെറുതായി വരുന്നു, കാഴ്ച കുറഞ്ഞ് വരുന്നു. ഷാഹിന ഇന്ന് തലയ്ക്കുമീതെയുള്ള മരണത്തിന്റെ വാൾ ഏതു നിമിഷവും വീഴുമെന്ന ഭീതിയോടെ ജീവിക്കുന്നു. വളർച്ചയും, മുരടിപ്പും, ഒപ്പം മരണവും എത്രമാത്രം ഭയാനകമാണ് ഈ കുരുന്നുകളുടെ ജീവിതസാഹചര്യം. ഇവിടെ തീരുന്നില്ല. അറിയപ്പെടാത്ത എത്രയോ ഷാഹിനമാർ ഇവിടെയുണ്ട്” – സുജിത്.

1976 മുതൽ കാസർഗോഡ് ജില്ലയിൽ കേരളാ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളിൽ ‘എൻഡോസൾഫൻ’ എന്ന കീടനാശിനി തളിക്കാൻ തുടങ്ങിയിരുന്നു. ഓരോ വർഷവും 3 തവണകളിലായാണ് കീടനാശിനി തളിച്ചത്. ജില്ലയിലെ കയ്യൂർ–ചീമേനി, പുല്ലൂർ–പെരിയ, അജാനൂർ, മൂളിയാർ, ബേളൂർ, കാറടുക്ക, ആദൂർ, ബേഡഡുക്ക, പനത്തടി, പാണത്തൂർ, എൻമകജെ എന്നീ പഞ്ചായത്തുകളിലായാണ് കീടനാശിനി തളിച്ചത്. അതിന്റെ പരിണിതഫലമായി ആയിരത്തോളം ആളുകളുടെ മരണത്തിനും അതിലേറെപേർക്ക് മാരകരോഗങ്ങൾ പിടിപെടുന്നതിനും ഈ കീടനാശിനിപ്രയോഗം കാരണമായി. തുടക്കം മുതൽ തന്നെ കീടനാശിനി പ്രയോഗത്തിനെതിരെ ചെറിയ ചെറിയ പ്രതിഷേധങ്ങൾ ഉണ്ടായെങ്കിലും അവഗണിക്കപ്പെട്ടു. 1998 –ൽ കൃഷിവകുപ്പിലെ ഉദ്യോഗസ്ഥയായ എം.കെ. ലീലാകുമാരി അമ്മ പെരിയയിൽ താമസമാക്കിയതോടെയാണ് പൊതുസമൂഹം ദുരന്തം തിരിച്ചറിയുന്നത്. പെരിയയിൽ വീട് വെയ്ക്കുന്നതിനിടയിൽ ഇതിന് മേൽനോട്ടം വഹിച്ച ആരോഗ്യവാനായിരുന്ന അവരുടെ സഹോദരൻ മരിച്ചു. നന്നായി പാട്ടു പാടുമായിരുന്ന അവരുടെ രണ്ട് മക്കളും, പുതിയ വീട്ടിൽ താമസം തുടങ്ങി ഒരുവർഷത്തിനകം രോഗം ബാധിച്ച് കിടപ്പിലാകുകയും വിദ്യാഭ്യാസം നിർത്തേണ്ടി വരികയും ചെയ്തു. ഇതോടുകൂടിയാണ് ഈ




ദുരന്തങ്ങൾക്ക് കാരണം തന്റെ ചുറ്റുപാടുമുള്ള കശുമാവിൻ തോട്ടത്തിലെ എൻഡോസൾഫാൻ കീടനാശിനിപ്രയോഗമാണ് എന്ന് ലീലാകുമാരിയമ്മ മനസിലാക്കുന്നത്. തുടർന്ന് എൻഡോസൾഫാൻ നിരോധിക്കാൻ കാഞ്ഞങ്ങാട് മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തു. ആകാശമാർഗ്ഗമുള്ള കീടനാശിനിപ്രയോഗം 2001-ൽ ഹോസ്ദുർഗ്ഗ് മുൻസിഫ് കോടതി നിരോധിച്ചു. 2003-ൽ കേരളാ ഹൈക്കോടതി കീഴ്ക്കോടതി വിധി ശരിവയ്ക്കുകയും എൻഡോസൾഫാൻ നിരോധിക്കുകയും ചെയ്തു. ഇതിനിടയിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധങ്ങൾ പൊട്ടിപ്പുറപ്പെടാൻ തുടങ്ങി. ജില്ലാ പരിസ്ഥിതി സമിതി, പുഞ്ചിരി ക്ലബ് മൂളിയാർ, എസ്പാക്ക്, പഡ്രെ തുടങ്ങിയ സംഘടനകൾ പ്രാദേശിക സമരങ്ങൾക്ക് നേതൃത്വം നൽകി. സമരം കൂടുതൽ ശക്തമാക്കുന്നതിന് വേണ്ടി ചെറുതും വലുതുമായ എല്ലാ സംഘടനകളെയും ഉൾപ്പെടുത്തി എൻഡോസൾഫാൻ വിരുദ്ധ സമര സമിതി രൂപീകരിക്കുകയും സമരം ശക്തമാവുകയും ചെയ്തു. അന്ന് പ്രതിപക്ഷ നേതാവായിരുന്ന വി.എസ്. അച്യുതാനന്ദന്റെ സന്ദർശനവും ഇടപെടലും സമരത്തിന് കൂടുതൽ ശക്തി പകർന്നു.

### സർക്കാരുകളുടെ നിലപാട്

തുടക്കത്തിൽ സംസ്ഥാന കൃഷിവകുപ്പ് എൻഡോസൾഫാനെ അനുകൂലിച്ചുകൊണ്ടുള്ള സമീപനമാണ് എടുത്തിരുന്നത്. എ. കെ. ആന്റണി എൻഡോസൾഫാന് നിരോധനം ഏർപ്പെടുത്തിയെങ്കിലും അന്നത്തെ 33 ദിവസം നീണ്ടുനിന്ന സർക്കാർ ജീവനക്കാരുടെ സമരകോലാഹലത്തിനിടയിൽ കൃഷിമന്ത്രി ഗൗരിഅമ്മയെപ്പോലും തെറ്റിദ്ധരിപ്പിച്ച് നിലവിലുണ്ടായിരുന്ന നിരോധനം അധികൃതർ നീക്കം ചെയ്തു. ഇതിനിടയിൽ ഹൈക്കോടതിയുടെ ഇടപെടലാണ് വീണ്ടും എൻഡോസൾഫാന് താല്ക്കാലിക നിരോധനം ഏർപ്പെടുത്തിയത്. ഈ നിരോധനം കേരളത്തിൽ ഇപ്പോഴും തുടരുന്നുണ്ട്. ഇടതുസർക്കാരിന്റെ പ്രത്യേകിച്ചും മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദന്റെ ഇടപെടൽ മൂലം ചില സഹായങ്ങൾ ദുരന്തബാധിതർക്ക് ലഭിക്കുന്നുണ്ട്.

കേന്ദ്രസർക്കാരാകട്ടെ എൻഡോസൾഫാന് അനുകൂലമായ തീരുമാനമാണ് എടുത്തിരുന്നത്. കൃഷിവകുപ്പിന്റെ കീഴിലുള്ള സെൻട്രൽ ഇൻസെക്ടിസൈഡ് ബോർഡ് (സി. ഐ. ബി) ആണ് ഇന്ത്യയിൽ കീടനാശിനികൾക്ക് രജിസ്ട്രേഷൻ - ഉപയോഗം, ഉല്പാദനം, വിതരണം എന്നിവ നിശ്ചയിക്കുന്നത്. എൻഡോസൾഫാൻ അപകടകാരിയല്ലെന്നും ഇന്ത്യയിൽ നിരോധിക്കേണ്ടതില്ലെന്നുമാണ് കേന്ദ്രകൃഷിവകുപ്പ് തീരുമാനമെടുത്തത്. എന്നാൽ എൻഡോസൾഫാൻ എന്ന് കേൾക്കുമ്പോൾ ജനം ഭയക്കുന്ന പ്രദേശമെന്നതിനാൽ കേരളത്തിൽ മാത്രം ഈ കീടനാശിനിയുടെ ഉപയോ

## ആവശ്യങ്ങൾ

1. മരണപ്പെട്ട എല്ലാ ദുരന്തബാധിതരുടെ ആശ്രിതർക്കും മുഖ്യമന്ത്രിയുടെ ധനസഹായം ഉടൻ വിതരണം ചെയ്യണം.

2. സർക്കാർ പ്രഖ്യാപിച്ച വിവിധ ധനസഹായങ്ങൾ ദുരിതത്തിന്റെ തീവ്രത നോക്കുമ്പോൾ തീർത്തും അപര്യാപ്തമാണ്, ഈ ധനസഹായം വർദ്ധിപ്പിക്കണം.

3. ദുരന്തബാധിത പഞ്ചായത്തുകളിൽ സമഗ്ര-ആരോഗ്യ പാരിസ്ഥിതിക സർവ്വേയും പഠനവും അടിയന്തിരമായി നടത്തി, മനുഷ്യനും പ്രകൃതിക്കും ഉണ്ടായ ദുരന്തത്തിന്റെ ആഘാതം കണ്ടെത്തി, ഇതിന് ഉത്തരവാദികളായവരിൽ നിന്നും ആവശ്യമായ നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.

4. പി. സി. കെ. തൊഴിലാളികൾക്കിടയിലും ദുരന്തബാധിതർ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇവരെയും സർവ്വേയുടെയും പഠനത്തിന്റെയം നഷ്ടപരിഹാരത്തിന്റെയും പരിധിയിൽ പ്പെടുത്തണം.

5. ജില്ലയിലെ 8 പുഴകളുടെ പ്രഭവസ്ഥാനമായ പി. സി. കെ. തോട്ടങ്ങൾ ഏറ്റെടുത്ത് ആഗോള താപനം കുറയ്ക്കുന്നതിനു വേണ്ടി ദേശീയ തലത്തിൽ പുതുതായി ആവിഷ്ക്കരിച്ച ഹരിത വത്ക്കരണ പദ്ധതിയിൽപ്പെടുത്തി പാരിസ്ഥിതിക പുന:സ്ഥാപനത്തിനായുള്ള സാമ്പത്തികസഹായം നേടേണ്ടതാണ്. ഇന്ന് നഷ്ടത്തിൽ ഓടിക്കൊണ്ടിരിക്കുന്ന പി. സി. കെ. യെ മുന്നോട്ട് കൊണ്ടു പോകുന്നതിനെക്കാൾ ലാഭകരം ഇതാണ്. പി. സി. കെ. യിലെ മുഴുവൻ തൊഴിലാളികളെയും ദുരിത ബാധിത കുടുംബങ്ങളെയും പുനരധിവസിപ്പിക്കുവാനും ഈ പദ്ധതി ആവിഷ്ക്കാരത്തിലൂടെ സാധ്യമാകും.

6. ഇന്ത്യയിൽ എൻഡോസൾഫാൻ പൂർണ്ണമായും നിരോധിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ഗവും വിതരണവും നിരോധിച്ചു കൊണ്ടുള്ള ഉത്തരവും അതോടൊപ്പം പുറപ്പെടുവിച്ചിരുന്നു. സി.ഐ.ബിയുടെ ഈ നിരോധനം മൂലവും ഹൈക്കോടതി നിരോധനം മൂലവുമാണ് ഇന്ന് കേരളത്തിൽ എൻഡോസൾഫാൻ തളിക്കാതിരിക്കുന്നത്.

സംസ്ഥാന സർക്കാർ എൻഡോസൾഫാൻ നിരോധിക്കണമെന്ന് ഔദ്യോഗികമായി ആവശ്യപ്പെടുമ്പോഴും ജനവിരുദ്ധമായ സമീപനമാണ് കേന്ദ്രസർക്കാർ ഇപ്പോഴും തുടരുന്നത്

എൻഡോസൾഫാൻ ഉല്പാദനം

WHO യുടെ കണക്ക് പ്രകാരം 1984ൽ എൻഡോസൾഫാൻ ഉല്പാദനം മെട്രിക് ടൺ ആയിരുന്നു. ഇപ്പോൾ ലോകത്ത് ഉല്പാദിപ്പിക്കുന്ന എൻഡോസൾഫാന്റെ ഉല്പാദനം കണക്കാക്കുവാൻ സാധിച്ചിട്ടില്ല. 1970–80 കളിൽ എൻഡോസൾഫാൻ ഉല്പാദിപ്പിച്ചിരുന്ന പല രാജ്യങ്ങളും ഇന്ന് ഇതിന്റെ ഉല്പാദനം നിരോധിച്ചിട്ടുണ്ട്. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ ജർമ്മനി മാത്രമാണ് എൻഡോസൾഫാൻ ഉല്പാദിപ്പിച്ചിരുന്നത്. അതും ഒരു സൈറ്റിൽനിന്ന് മാത്രം. ഇന്ത്യ, ചൈന, ഇസ്രായേൽ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളാണ് ഇന്ന് ഏറ്റവും കൂടുതൽ ഉല്പാദനം നടത്തുന്നത്. അമേരിക്ക പോലും എൻഡോസൾഫാൻ നിരോധിച്ചു. ഇന്ന് ലോകത്ത് ഏകദേശം 65 ഓളം രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ട്. ഇന്ത്യ എൻഡോസൾഫാൻ ഉല്പാദിപ്പിക്കുന്നുണ്ട്.


ഫോട്ടോ: മധുരാജ്

## പഠനങ്ങൾ

ഏകദേശം 12 ഓളം അന്വേഷണ കമ്മീഷനുകൾ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പിന് വേണ്ടി ഡോ. ശിവരാമൻ കമ്മീഷൻ, Indian Council for Medical Research, National Institute of Occupational Health (N-I0H) തുടങ്ങിയവർ നടത്തിയ പഠനത്തിൽ എൻഡോസൾഫാൻ അപകടകാരിയാണെന്നും കാസർകോട്ടെ ദുരന്തങ്ങളും എൻഡോസൾഫാനും തമ്മിൽ ബന്ധമുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സുനിത നാരായണന്റെ നേതൃത്വത്തിലുള്ള സർക്കാരിതര സ്ഥാപനമായ സി. എസ്. ഇ. (സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ്) നടത്തിയ പഠനത്തിലും മനുഷ്യ ശരീരത്തിലും രക്തത്തിലും മുലപ്പാലിലും മത്സ്യങ്ങളിലും എൻഡോസൾഫാന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

എന്നാൽ കേന്ദ്ര സർക്കാരിന്റെ അന്വേഷണ കമ്മീഷനായ Dubey Commission റിപ്പോർട്ട് എൻഡോൻഫാൻ കമ്പനിക്ക് പൂർണ്ണമായും അനുകൂലമായിരുന്നു. ഇതിന് കാരണം അന്വേഷണ കമ്മീഷനും കീടനാശിനി കമ്പനികളും തമ്മിലുള്ള കൂട്ടുകെട്ടായിരുന്നു. കമ്മീഷനിലെ രണ്ട് അംഗങ്ങൾ കീടനാശിനി കമ്പനിക്കാരുടെ പ്രതിനിധികളായിരുന്നു. കമ്മീഷൻ അദ്ധ്യക്ഷനായ ദുബൈ എന്ന ശാസ്ത്രജ്ഞനാണ് കാസർഗോഡ് എൻഡോ




സൾഫാൻ തളിക്കാൻ ഇന്ത്യയിൽ ആദ്യമായി ശുപാർശ ചെയ്തത്. കമ്മീഷനിലെ നിഷ്പക്ഷരായ രണ്ട് അംഗങ്ങളും അദ്ധ്യക്ഷന്റെയും മറ്റ് രണ്ട് അംഗങ്ങളുടെയും നിലപാടുകളുമായി വിയോജിപ്പ് രേഖപ്പെടുത്തിയതുകൊണ്ട് കമ്മീഷൻ റിപ്പോർട്ട് തികച്ചും ഏകപക്ഷീയമായിരുന്നു.

## അന്താരാഷ്ട്ര നിരോധനം – നിയന്ത്രണം

1950കൾ മുതൽ തന്നെ ലോകത്ത് വ്യാപകമായി ഉപയോഗിച്ചിരുന്ന കീടനാശിനിയാണ് എൻഡോസൾഫാൻ. 1970കളിൽ ഓർഗാനോക്ലോറിൻ വിഭാഗത്തിൽപ്പെട്ട കീടനാശിനികളിൽ ഏറ്റവും സുരക്ഷിതമായ കീടനാശിനിയായാണ് എൻഡോസൾഫാനെ കരുതിയിരുന്നത്. എന്നാൽ കഴിഞ്ഞ രണ്ട് ദശകങ്ങളായി ഈ കീടനാശിനിയുമായി ബന്ധപ്പെട്ട ഒരുപാട് റിപ്പോർട്ടുകൾ പുറത്ത് വരുന്നുണ്ട്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലും ലോകത്ത് പല രാജ്യങ്ങളിലും ഇന്ന് എൻഡോസൾഫാന് നിരോധനവും നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

ലോകത്തിൽ സിങ്കപ്പൂർ, ജർമ്മനി, സ്വീഡൻ, ഫിലിപ്പീൻസ്, യു.എ.ഇ, ശ്രീലങ്ക, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ട്. മൊത്തം 65 രാജ്യങ്ങളിലാണ് നിരോധനം നിലവിലുള്ളത്. ലോകത്ത് ഇന്ത്യയും ചൈനയുമാണ് ഈ കീടനാശിനിക്ക് യാതൊരു നിയന്ത്രണവും നിരോധനവും ഏർപ്പെടുത്താത്തത്.

## ഇന്ത്യയിലെ ദുരന്തം

കേരളത്തിലും കർണാടകത്തിലുമാണ് എൻഡോസൾഫാൻ കീടനാശിനിയുമായുള്ള ദുരന്തം പ്രധാനമായും റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

കർണാണാടക സംസ്ഥാനത്തിലെ കേരളാതിർത്തിയിൽ നിന്ന് അധികം ദൂരെയല്ലാത്ത ബൽത്തങ്ങാടി താലൂക്കിലെ പദ്രമെ, കൊക്കട, നിടലെ തുടങ്ങിയ ഗ്രാമങ്ങളിലാണ് എൻഡോസൾഫാൻ ദുരന്തം വിതച്ചത്. ഈ ഗ്രാമത്തിലെ 80 ഹെക്ടർ കശുമാവിൻ തോട്ടങ്ങളിൽ 1980 മുതൽ 2000 വരെയുള്ള വർഷങ്ങളിലാണ് എൻഡോസൾഫാൻ തളിച്ചത്. (എന്നാൽ കേരളത്തിലെ 11–ഓളം പഞ്ചായത്തുകളിൽ കൂടി 4896 ഹെക്ടർ പ്രദേശത്ത് കീടനാശിനി പ്രയോഗം നടത്തിയിരുന്നു). ഈ 80 ഹെക്ടർ പ്രദേശത്ത് മാത്രം 1000 ഓളം പേർ രോഗബാധിതരായിട്ടുണ്ട് . 50 പേർ മരിക്കുകയും ചെയ്തു. ഇതിനേത്തുടർന്ന് കഴിഞ്ഞവർഷം കർണാടകമന്ത്രി ശോഭ കാറന്ത് ചില സാമ്പത്തിക സഹായങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. എൻഡോസൾഫാൻ ദുരിതബാധിതർക്ക് 25,000 രൂപയും 1000 രൂപയും പെൻഷൻ നടപ്പാക്കുകയും ചെയ്തു. അതുപോലെ തന്നെ മരിച്ചവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ നഷ്ടപരിഹാരവും നൽകി. ആദ്യഘട്ടത്തിലെ പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവെച്ച 50 ലക്ഷത്തിന് പുറമെ ഒരു കോടി രൂപ കൂടി അനുവദിച്ചു.

## കാസർകോട്ടെ ദുരന്തം

ജില്ലയിലെ 11 പഞ്ചായത്തുകളിലാണ് കശുമാവിൻ തോട്ടങ്ങൾ നിലവിലുള്ളത്. ഹെലികോപ്റ്ററിലൂടെയുള്ള കീടനാശിനി പ്രയോഗം ആയതുകൊണ്ടും ഇടനാടൻ ചെങ്കൽ കുന്നുകൾ ആയതുകൊണ്ടും ഒരുപാട് നീരുറവകൾ ഉത്ഭവിക്കുന്നതിനാലും ദുരന്തം, സമീപ പഞ്ചായത്തുകളിലും കൂടി വ്യാപിക്കുവാൻ സാധ്യതയുണ്ട്. എന്നാൽ ഇത്തരം പഞ്ചായത്തുകളിലെ രോഗങ്ങളെക്കുറിച്ച് വ്യക്തമായ പഠനങ്ങൾ ഇതുവരെ നടത്തിയിട്ടില്ല.

## സർക്കാർ സഹായം

2005 – ആരോഗ്യവകുപ്പും ജില്ലാ പഞ്ചായത്തും ചേർന്ന് നടത്തിയ സർവ്വേയിൽ 11 പഞ്ചായത്തുകളിലെ ഏതാനും ദുരന്തബാധിതരെ കണ്ടെത്തുകയുണ്ടായി. ഇവരുടെ പുനരധിവാസത്തിനായി Endosalphan Victims Relief and Remediation Cell തുടങ്ങുകയും ചെയ്തു. വളരെ ഇഴഞ്ഞ് കൊണ്ടാണ് സെല്ലിന്റെ പ്രവർത്തനം നടക്കുന്നത്.

സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട 133 പേർക്ക് ആദ്യഘട്ടത്തിലും 45 പേർക്ക് രണ്ടാം ഘട്ടത്തിലുമായി ആകെ 178 പേർക്ക് 50,000 രൂപയുടെ നഷ്ടപരിഹാരം നല്കുകയുണ്ടായി. 2005 വരെ 308 പേർ ഈ ദുരന്തത്തിൽ മരിച്ചതായാണ് ജില്ലാ പഞ്ചായത്തിന്റെ കണക്ക്. ഇതിൽ 178 പേർക്ക് നഷ്ടപരിഹാരം നൽകിയെങ്കിലും ബാക്കി വരുന്ന 130 പേരുടെ കുടുംബത്തിനും ഇതുവരെയും സഹായധനം നല്കിയിട്ടില്ല. 2005 ന് ശേഷം മരണപ്പെട്ടവരുടെ കാര്യം ഇപ്പോഴും പരിഗണിച്ചിട്ടുമില്ല.

ജില്ലാ പഞ്ചായത്തിന്റെ സർവ്വേ പ്രകാരം 1997 പേർ മാരകമായി രോഗം ബാധിച്ചവരാണ്. ഇതിൽ 97 പേർക്ക് മണിപാൽ കസ്തൂർഭാ മെഡിക്കൽ കോളേജിൽ വിദഗ്ധ ചികിത്സ ലഭിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രിയി 81 പേരും താലൂക്ക് ആശുപത്രിയിൽ 98 രോഗികളും സ്ഥിരമായി ചികിത്സ തേടുന്നുണ്ട്. അതുപോലെ തന്നെ വീട്ടിൽ നിന്ന് പുറത്ത് പോകാൻ കഴിയാത്തവർക്ക് മൊബൈൽ ഹെൽപ്പ് ചെറിയ തോതിൽ നടക്കുന്നുണ്ട്. ഇതിൽ 27 പേർ വളരെ ഗുരുതരാവസ്ഥയിലുള്ളവരാണ്. ഇവർക്ക് വേണ്ടത്ര പരിചരണം ലഭിക്കുന്നില്ല. 2000 ത്തിൽ വിഷപ്രയോഗം അവസാനിച്ചുവെങ്കിലും ഇപ്പോഴും ദുരന്തം പിൻതുടരുന്നു. സർക്കാരുകളുടെ അനാസ്ഥയും.

***ബന്ധങ്ങൾക്ക്: കൺവീനർ,ജനാസ്,തൈക്കടപ്പുറം പോസ്റ്റോഫീസ്,നീലേശ്വരം വഴി, കാസർഗോഡ്. ഫോൺ : 9847768888***